**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 982 | 03.12.2014 ൽ മറുപടിയ്ക്ക്

## മുഖാരി - മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)** | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി** |
| മുഖാരി - മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി വർഷങ്ങളായി ആവശ്യപ്പെട്ടിട്ടും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഇവരെ ഒ.ബി.സി. യിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | ഒരു സമുദായത്തെ സംസ്ഥാനത്തെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പട്ടിക (ഒ.ബി.സി.ലിസ്റ്റ്)യിൽ ഉൾപ്പെടുത്തുന്നത് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ്. കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെളിവെടുപ്പുൾപ്പെടെ വിശദമായ പഠനം നടത്തിയാണ് ഒരു സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുള്ളതാണോ അല്ലയോ എന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ കണ്ടെത്തുന്നത്. മുഖാരി - മുഹരി സമുദായത്തെ കുറിച്ച് കിർത്താഡ്സ് പഠനം നടത്തി വരികയാണ്. കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് ലഭ്യമാകുന്ന മുറയ്ക്ക് കമ്മീഷൻ അത് പരിശോധിച്ച് സർക്കാരിന് ഉപദേശം നൽകുന്നതാണ്. കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ മുഖാരി - മുഹരി സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |

Vaijan

സെക്ഷൻ ഓഫീസർ